**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4545** **06-03-2023 - ൽ മറുപടിയ്ക്ക്**

**പ്രമാണങ്ങളുടെ പകർപ്പ് ലഭിക്കുന്നതിനുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഓൺലൈനായി അപേക്ഷ സമർപ്പിച്ച് പ്രമാണങ്ങളുടെ പകർപ്പ് ലഭിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയത് വിജയകരമായിട്ടുണ്ടോ; | (എ) | ആധാരങ്ങളുടെ പകർപ്പിന് ഓൺലൈനായി അപേക്ഷിച്ച് ഓൺലൈനായി തന്നെ ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുള്ള സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചാല സബ് രജിസ്ട്രാർ ഓഫീസിലും തുടർന്ന് കൊല്ലം ജില്ലയിലെ കൊട്ടാരക്കര പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലും നടപ്പിലാക്കിയിരുന്നു. പരീക്ഷണ പരിപാടി വിജയകരമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിലും, കൊല്ലം ജില്ലയിലെ 30 സബ് രജിസ്ട്രാർ ഓഫീസുകളിലും പൂർണ്ണമായും നടപ്പിലാക്കുകയും ചെയ്തിരുന്നു. ആയത് പൊതുജനങ്ങൾക്കും ഓഫീസിലെ ജീവനക്കാർക്കും പ്രയോജനകരമാണെന്ന് ബോധ്യമായിട്ടുള്ളതുമാണ്. ആയതിനാൽ പ്രസ്തുത സംവിധാനം വിജയകരമാണെന്ന് വിലയിരുത്തുന്നു. |
| (ബി) | പ്രമാണങ്ങളുടെ പകർപ്പ് അടിയന്തരമായി ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | 2019 വർഷം മുതൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ സ്കാൻ ചെയ്ത ഡിജിറ്റൽ രൂപം സെർവറിൽ സൂക്ഷിച്ചു വരുന്നുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ വാർഷിക പദ്ധതി തുക വിനിയോഗിച്ച് കൊണ്ട് 2018 വരെയുള്ള വർഷങ്ങളിലെ മുന്നാധാര വിവരങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്യുകയും സെർവറിൽ സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ സ്കാനിംഗ് ജോലികൾ പൂർത്തിയാകുകയും കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ 2005 മുതൽ 2018 വരെയുള്ള സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയും 2005 മുതൽ പുറകോട്ടുള്ള |

| | | | |
|---|---|---|---|
| | | | സ്കാനിംഗ് ജോലികൾ അന്തിമഘട്ടത്തിലെത്തുകയും ചെയ്തിട്ടുള്ളതാണ്. മറ്റ് ജില്ലകളിലെ മുന്നാധാര വിവരങ്ങളുടെ സ്കാനിംഗ് ജോലികൾ പുരോഗമിക്കുകയാണ്.<br><br>ഇത്തരത്തിൽ ഡിജിറ്റൈസ് ചെയ്തിട്ടുള്ള ആധാരങ്ങളുടെ പകർപ്പിന് കക്ഷികൾക്ക് നേരിട്ട് ഓൺലൈനായി അപേക്ഷിക്കാവുന്നതും, പകർപ്പിനുള്ള ഫീസ്, മുദ്രപ്പത്രത്തിനുള്ള തുക എന്നിവ ഓൺലൈനായി തന്നെ ഒടുക്കാവുന്നതുമാണ്. ആയതിന് ശേഷം സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ടി ആധാരവിവരം പരിശോധിച്ച് ആയതിന്റെ പകർപ്പ് തയ്യാറാക്കി ഡിജിറ്റലായി ഒപ്പിട്ട് ഓൺലൈനായി ഇഷ്യൂ ചെയ്യുകയും ആയത് കക്ഷികൾക്ക് എവിടെ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതുമാണ്. ഇതിലൂടെ ഇടനിലക്കാരില്ലാതെ തന്നെ പൊതുജനത്തിന് സേവനം ലഭ്യമാകുന്നതും കാലതാമസം ഒഴിവാകുന്നതുമാണ്. ഈ സൗകര്യം നിലവിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ